**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **01-09-2022 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വായ്പ എടുത്ത കർഷകരും പാവപ്പെട്ടവരും സർഫാസി നിയമപ്രകാരം ജപ്തിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൃഷിഭൂമി പണയപ്പെടുത്തി എടുത്ത കാർഷിക വായ്പകൾക്ക് സർഫാസി നിയമം ബാധകമല്ല.കേന്ദ്ര നിയമമായ സർഫാസി പ്രകാരമാണ് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ റിക്കവറി നടപടി സ്വീകരിക്കുന്നത് . |
| (ബി) | കർഷകർ ആധാരം പണയപ്പെടുത്തി എടുത്തിട്ടുള്ള വായ്പകൾ എല്ലാം കർഷക വായ്പകളായി കണക്കാക്കി സർഫാസി അടക്കമുള്ള നിയമങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ; | (ബി) | അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീട്ടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ (സർഫാസി ആക്ട്) വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും, ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് |
| (സി) | ഇപ്രകാരം വയനാട്ടിലെ ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീട്ടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ (സർഫാസി ആക്ട്) വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും, ടി |

| | | | |
|---|---|---|---|
| | | | നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് |
| (ഡി) | പ്രസ്തുത നിയമത്തിലെ വകുപ്പ് 30 (ഐ) പ്രകാരം കൃഷിഭൂമി ജപ്തി ചെയ്യുവാൻ പാടില്ലായെന്ന നിബന്ധന മറികടന്ന് കൃഷിഭൂമി പോലും ജപ്തിക്ക് വിധേയമാക്കുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഇടപെടൽ നടത്തി കർഷകരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ (സർഫാസി ആക്ട്) വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും, ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ